മേൽക്കൂരയിൽ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് കഴൽമന്ദത്ത് അനെർട്ടിന് സ്വന്തമായി 2 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലുകൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ടി വൈദ്യുതിക്ക് ബോർഡ് വില നൽകുകയും ചെയ്യുന്നു. Off grid solar പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 1 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. നിലവിലുള്ള പ്ലാന്റുകളിൽനിന്നും ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ പ്രതിദിന ആവശ്യകതയായ 62.78 ദശലക്ഷം യൂണിറ്റിന്റെ (മെയ് 2015-ലെ ശരാശരി പ്രതിദിന ഉപഭോഗം) വളരെ ചെറിയ ശതമാനം മാത്രമാണ്.

**സൗരോർജ്ജ വൈദ്യുതി**

57 (2258) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് സൗരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ, ഏതൊക്കെ സ്ഥലങ്ങളിലാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. വൈദ്യുതി ബോർഡ് സൗരോർജ്ജ വൈദ്യുതി ഉൾപ്പെടെയുള്ള നവീകരണ ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ് എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതും ലക്ഷ്യംവയ്ക്കുന്നതുമായ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2014-15 വർഷത്തിൽ ആകെ 1.146 MW-ന്റെ മൂന്ന് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് സോളാർ പാർക്ക് 200 MW ഉൾപ്പെടെ 227.4215 MW-ന്റെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി ബോർഡ് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly